## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3831** **21.06.2019-ൽ മറുപടിയ്ക്ക്**

## ലോട്ടറിസമ്മാനം ലഭിക്കുവാൻ സമ്മാനർഹർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി സമ്മാനം ലഭിക്കുവാൻ സമ്മാനർഹർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുമോ; | (എ) | ലോട്ടറി നറുക്കെടുപ്പ് കഴിഞ്ഞാൽ സമ്മാനാർഹമായ ടിക്കറ്റിന്റെ മറുപുറത്ത് സമ്മാനാർഹൻ പേരും ഒപ്പും വിലാസവും രേഖപ്പെടുത്തി ലോട്ടറി റൂൾ 9 (3) പ്രകാരം നേരിട്ടോ ദേശസാൽകൃത/സഹകരണ ഷെഡ്യൂൾഡ് ബാങ്ക് മുഖേനയോ തപാലിലോ സമ്മാനടിക്കറ്റ് ജില്ലാ ഓഫീസ്/ ഡയറക്ടറേറ്റിൽ 30 ദിവസത്തിനുള്ളിൽ ഹാജരാക്കേണ്ടതാണ്. 1,00,000/- രൂപ വരെയുള്ള സമ്മാനത്തുക ജില്ലാ ഓഫീസുകളിൽ നിന്നും വാങ്ങാവുന്നതാണ്. സമ്മാനാർഹമായ ടിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി, പാൻകാർഡ് കോപ്പി, തിരിച്ചറിയൽ രേഖ, സ്റ്റാമ്പ് രസീത്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോ എന്നിവ സമ്മാനാർഹൻ അസൽ ടിക്കറ്റിനോടൊപ്പം ഹാജരാക്കണം. കൂടാതെ റൂൾ 9(3) f പ്രകാരം സമ്മാനാർഹൻ അന്യസംസ്ഥാനക്കാരനാണെങ്കിൽ മേൽപ്പറഞ്ഞ രേഖകളെല്ലാം നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെടുത്തണം. ഇത്തരത്തിൽ ചട്ടപ്രകാരമുള്ള രേഖകൾ സഹിതം സമർപ്പിക്കുന്ന ടിക്കറ്റുകൾക്ക് 30 ദിവസത്തിനകം തന്നെ സമ്മാനം |

ഴ

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നുണ്ട്. മാത്രവുമല്ല സേവനാവകാശ നിയമ പ്രകാരം മതിയായ രേഖകളോടെ ഹാജരാക്കുന്ന സമ്മാന ടിക്കറ്റുകൾക്ക് ടിക്കറ്റ് ഓഫീസിൽ ലഭിച്ച് 30 ദിവസത്തിനകം സമ്മാനവിതരണം നടത്തണമെന്ന വ്യവസ്ഥയും നിലവിലുണ്ട്. |
| (ബി) | ലോട്ടറിയുടെ അറുപത് ശതമാനവും എടുക്കുന്നത് ഇതര സംസ്ഥാന തൊഴിലാളികളാണെന്നിരിക്കെ സമ്മാനത്തുക ലഭിക്കുവാൻ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുമോ; സമ്മാനത്തുക ലഭിക്കുവാൻ നോട്ടറി രേഖപ്പെടുത്തലുകളും സർക്കാരിന്റെ ഉദ്യോഗസ്ഥ ഉപസമിതിയുടെ അംഗീകാരവും വേണമെന്നത് ഇതരസംസ്ഥാന തൊഴിലാളികളെ പലപ്പോഴും പ്രതികൂലമായി ബാധിക്കുന്നതിനാൽ അവർ ടിക്കറ്റുകൾ ഏജന്റുമാർക്ക് മറിച്ചു വിൽക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | ലോട്ടറി റൂൾ 9(3) f പ്രകാരമാണ് അന്യസംസ്ഥാനക്കാർക്ക് സമ്മാനം ലഭിച്ചാൽ സമ്മാനടിക്കറ്റിനോടൊപ്പം സമർപ്പിക്കുന്ന രേഖകൾ നോട്ടറി അറ്റസ്റ്റ് ചെയ്യണമെന്ന് വ്യവസ്ഥയുള്ളത്. കേരള ലോട്ടറിയുടെ വിപണനം പൂർണ്ണമായും കേരളത്തിൽ മാത്രമായ സാഹചര്യത്തിലും സമ്മാന ടിക്കറ്റ് മണി ലോണ്ടറിംഗ് പോലുള്ള നിയമവിരുദ്ധ പ്രവർത്തികൾക്ക് വിധേയമാകുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടതിനാലും അതു ഇല്ലാതാക്കുന്നതിനാണ് നോട്ടറി അറ്റസ്റ്റേഷനും വകുപ്പിലെതന്നെ ഉയർന്ന ഉദ്യോഗസ്ഥരുടെ 'മോണിറ്ററിംഗ് കമ്മിറ്റി' ക്ലെയിം പരിശോധനയും നടത്തുന്നത്. കേരളത്തിൽ അനേകം അന്യസംസ്ഥാന തൊഴിലാളികൾ വിവിധമേഖലകളിലായി തൊഴിൽ ചെയ്യുന്നുണ്ട് അവർക്ക് ലോട്ടറി സമ്മാനം ലഭിക്കുന്നുമുണ്ട്. എന്നാൽ അവർ ഹാജരാക്കുന്ന സമ്മാന ടിക്കറ്റിലെ അഡ്രസ്സ് അവരുടെ സംസ്ഥാനത്തിലേതായിരിക്കും. കേരളത്തിൽ അവർക്ക് നിയമാനുസൃത തിരിച്ചറിയൽ രേഖ ഇല്ലാത്തതിനാൽ ഇത്തരം ക്ലെയിമുകൾ അന്യസംസ്ഥാന ക്ലെയിമായി പരിഗണിച്ച് ലോട്ടറി റൂൾ 9(3) f പ്രകാരം നടപടി കൈക്കൊള്ളുന്നതിനാൽ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ സമ്മാനം നൽകാൻ കാലതാമസം നേരിടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ ഇത്തരത്തിലുള്ള പ്രശ്നം പരിശോധിക്കുമോ എന്ന് അറിയിക്കുമോ? | (സി) | അന്യസംസ്ഥാനക്കാരുടെ കേരളത്തിലെ തൊഴിലിനായുള്ള താമസം മുൻ നിർത്തി അവർക്ക് സമ്മാനം ലഭിച്ചു കഴിഞ്ഞാൽ വേഗത്തിൽ സമ്മാനം നൽകുന്ന തരത്തിൽ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനുള്ള ശുപാർശകൾ ലോട്ടറിയുടെ പുതിയ നിയമത്തിനുള്ള കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ